ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# മന്ത്രം, ഏലസ്സ്, മാരണം

عَنْ ابْنِ مَسْعُودٍ رَضِيَ اللهُ عَنْهُ قَالَ: سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ [رواه أحمد وأبو داود].

**ഇബ്നു മസ്ഊദി(റ)ൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'മന്ത്രവും ഏലസ്സുകളും മാരണവും ശിർക്കാണ്' (അഹ്മദ്, അബൂദാവൂദ്)**

ജീവിതത്തിലുണ്ടാവുന്ന ദുരിതങ്ങൾക്കും പ്രയാസങ്ങൾക്കും മന്ത്ര-മാരണങ്ങളിലൂടെ പ്രതിവിധികൾ തേടുന്നതിന് മാനവ ചരിത്രത്തോളം പഴക്കമുണ്ട്. ഗ്രഹ-നക്ഷത്രങ്ങൾക്കും പിശാചുക്കൾക്കും മനുഷ്യ ജീവിതത്തിൽ ഇടപെടാൻ സാധിക്കുമെന്ന മൂഢ വിശ്വാസത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. ഇസ്‌ലാം ഇത്തരം അന്ധവിശ്വാസങ്ങളെ പാടേ തള്ളിക്കളയുന്നു. മാനവ ജീവിതത്തെ നയിക്കുന്നതും നിയന്ത്രിക്കുന്നതും അല്ലാഹു മാത്രമാണെന്നും ജിന്നുകൾക്കോ പിശാചുക്കൾക്കോ ഗ്രഹ-നക്ഷത്രങ്ങൾക്കോ അതിൽ യാതൊരു പങ്കുമില്ലെന്നും വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചു:

'ചോദിക്കുക: നിങ്ങൾക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാനാവാത്ത വസ്തുക്കളെയാണോ അല്ലാഹുവെ വിട്ട് നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവത്രെ എല്ലാം കേൾക്കുന്നവനും അറിയുന്നവനും' (5: 76).

നന്മയും തിന്മയും ഉപകാരവും ഉപദ്രവവും എല്ലാം നൽകുന്നതും തടയുന്നതും അല്ലാഹു മാത്രമാണ്. ഈ വിശ്വാസത്തെ ദൃഢരൂഢമാക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. ഈ യാഥാർഥ്യത്തെ വികലമാക്കുന്ന എല്ലാ അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും അവർ മാറിനിൽക്കണം. അതിനായി അല്ലാഹുവിന്റെ റസൂൽ (സ) എപ്പോഴും അനുയായികളെ ഉപദേശിക്കാറുണ്ടായിരുന്നു. അത്തരത്തിലൊന്നാണ് മുകളിലെ ഹദീസ്. മന്ത്ര-മാരണങ്ങളും ഏലസ്സുകളുമെല്ലാം, അല്ലാഹുവിന്റെ അധികാരവും ആധിപത്യവും മറ്റുള്ളവർക്കു കൂടി വകവെച്ച് കൊടുക്കലാണെന്ന് നബി (സ) വ്യക്തമാക്കുന്നു.

ഈ ഹദീസിനെ വിശദീകരിച്ച് ശൈഖ് ഇബ്നു ബാസ് എഴുതി: 'പണ്ഡിതൻമാർ ഈ നബിവചനത്തെ ഇപ്രകാരം വിശദമാക്കുന്നുണ്ട്: അർഥമറിയാത്ത വാക്കുകളോ പിശാചിന്റെ നാമങ്ങളോ തത്തുല്യമായതോ ഉച്ചരിച്ചുകൊണ്ടുള്ള മന്ത്രങ്ങളാണ് الرُّقَى.

ഒരു തരം മാരണമാണ് التِّوَلَة. കണ്ണേറും ജിന്ന് ബാധയും തടയാനായി കുട്ടികളുടെ കൈയിൽ കെട്ടിക്കൊടുക്കുന്നതാണ് التَّمَائِم. രോഗികൾക്കും പ്രായമായവർക്കും ഇത്തരത്തിലുള്ളവ അണിയിക്കാറുണ്ട്. ചിലപ്പോൾ ഒട്ടകങ്ങൾക്കും മറ്റു മൃഗങ്ങൾക്കും ഇത്തരം ഏലസ്സുകൾ കെട്ടാറുണ്ട്. ഒട്ടകങ്ങൾക്ക് കെട്ടിക്കൊടുക്കുന്നവക്ക് الأوْتَار എന്നാണ് വിളിച്ചിരുന്നത്. ഇവ ചെറിയ ശിർക്കാണ്. ഏലസ്സിന്റെ വിധി തന്നെയാണ് ഇതിനുമുള്ളത്.

അല്ലാഹുവിന്റെ റസൂൽ ചില യുദ്ധങ്ങളിൽ സൈനികരുടെ അടുത്തേക്ക് ദൂതനെ അയച്ച് ഇപ്രകാരം വിളംബരം ചെയ്യാൻ ആവശ്യപ്പെടുമായിരുന്നു: 'ഏതെങ്കിലും ഒട്ടകത്തിന്റെ കഴുത്തിൽ മന്ത്രമാലകളുണ്ടെങ്കിൽ അവ മുറിച്ചു കളയണം.'

ഇത് എല്ലാത്തരം ഏലസ്സുകളും ഹറാമാണെന്നതിനുള്ള സാക്ഷ്യമാണ്. ഏലസ്സുകളിൽ എഴുതിയിട്ടുള്ളത് ഖുർആനിൽ നിന്നോ മറ്റു വല്ലതിൽ നിന്നോ ആണെങ്കിലും. ആശയ വ്യക്തതയില്ലാത്ത മന്ത്രമാണെങ്കിലും നിഷിദ്ധമാണ്.' (*മജ്മൂഉ ഫതാവാ ഇബ്നു ബാസ്* 1/52).

ഇതര സമൂഹങ്ങളുമായുള്ള ഇടപഴകലിന്റെ ഫലമായി ഇത്തരം അനാചാരങ്ങൾ പകർന്നിട്ടുണ്ടെങ്കിൽ റസൂൽ (സ) അത് ഉടനെ തിരുത്തുമായിരുന്നു. ഒരിക്കൽ നബി (സ), കൈയിൽ ചെമ്പിന്റെ മഞ്ഞ വളയിട്ട ഒരാളെ കണ്ടു. നബി ചോദിച്ചു: 'ഇതെന്താണ്?' അദ്ദേഹം പറഞ്ഞു: 'ബലക്ഷയ രോഗത്തിനായി അണിഞ്ഞതാണ്.'

നബി (സ) അരുളി: 'അതഴിക്കുക, നിനക്കത് രോഗമല്ലാതെ വർധിപ്പിക്കുകയില്ല. അതണിഞ്ഞു കൊണ്ട് നീ മരണപ്പെട്ടാൽ നിനക്കൊരിക്കലും വിജയിക്കാനാവില്ല' (അഹ്മദ്, അബൂദാവൂദ്).

ചരടും ഏലസ്സും ഒരു രോഗത്തിനും ശമനം നൽകുകയില്ലെന്നും പ്രസ്താവിച്ചു. ഉഖ്ബതുബ്നു ആമിർ (റ) പറയുന്നു. അല്ലാഹുവിന്റെ റസൂൽ (സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'ആരെങ്കിലും ഏലസ്സ് കെട്ടിയാൽ അവന്റെ ആഗ്രഹങ്ങൾ അല്ലാഹു പൂർത്തിയാക്കാതിരിക്കട്ടെ. ആരെ

ങ്കിലും മന്ത്രക്കല്ലുകൾ കെട്ടിയാൽ അവന്റെ ക്ലേശങ്ങൾ അല്ലാഹു ദൂരീകരിക്കാതിരിക്കട്ടെ' (അഹ്മദ്).

വേദക്കാരിൽ പ്രചുര പ്രചാരമായിരുന്ന ഇത്തരം അന്ധവിശ്വാസങ്ങളെ വിശ്വാസികൾ കരുതിയിരിക്കേണ്ടതുണ്ടെന്ന് സ്വഹാബികൾ ഉണർത്തി.

അബ്ദുല്ലാഹിബ്നു മസ്ഊദി (റ) ന്റെ ഭാര്യ സൈനബ് (റ) പറയുന്നു: 'ഭർത്താവ് അബ്ദുല്ലാ എന്റെ കഴുത്തിൽ ഒരു നൂൽ കണ്ടു. അദ്ദേഹം ചോദിച്ചു: 'ഇതെന്താണ്?' ഞാൻ പറഞ്ഞു: 'മന്ത്രിച്ചൂതിയ നൂലാണ്.'

ഉടനെ അദ്ദേഹമത് മുറിച്ചെടുത്തു. പിന്നീട് ഇപ്രകാരം പറഞ്ഞു: 'അബ്ദുല്ലയുടെ കുടുംബമായ നിങ്ങൾ ശിർക്കിൽ നിന്ന് മുക്തരാവണം. അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'മന്ത്രവും ഏലസ്സുകളും മാരണവും ശിർക്കാണ്.' ഞാൻ ചോദിച്ചു: 'എന്തുകൊണ്ടാണ് താങ്കളിപ്രകാരം പറയുന്നത്? എന്റെ കണ്ണുകൾ കണ്ണേറിനാൽ വേദനിക്കുമ്പോൾ ഞാൻ ഒരു ജൂതന്റെ അടുക്കൽ പോവാറുണ്ടായിരുന്നു. അദ്ദേഹം മന്ത്രിച്ചൂതിയാൽ അത് ഭേദമാവുകയും ചെയ്യാറുണ്ടായിരുന്നു.' അപ്പോൾ അബ്ദുല്ലാ പറഞ്ഞു: 'അത് പിശാചിന്റെ പണിയാണ്. അവന്റെ കൈകൊണ്ടവൻ കണ്ണുകളെ അടിക്കും. എന്നാൽ, മന്ത്രിച്ചൂതുന്നതോടെ അവനത് നിർത്തും. അല്ലാഹുവിന്റെ റസൂൽ ചെയ്തിരുന്നതു പോലെ നിനക്കിപ്രകാരം പ്രാർഥിച്ചാൽ മതിയായിരുന്നു:

أذهِبِ البأْسَ ربَّ النَّاسِ، اشفِ أنتَ الشَّافي، لا شفاءَ إلَّا شفاؤُكَ شفاءً لا يغادرُ سَقمًا

'ജനങ്ങളുടെ നാഥാ, പ്രയാസം അകറ്റേണമേ... ശമനം നൽകേണമേ... നീയാണ് ശമനം നൽകുന്നവൻ. നിന്റെ ശമനമല്ലാതെ മറ്റൊരു ശമനവുമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം' (അബൂദാവൂദ്, ഇബ്നു മാജ).

അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പേരിൽ ചരടുകളും നൂലുകളും അണിയുന്നവരോട് കർക്കശ നിലപാടാണ് നബി (സ) സ്വീകരിച്ചത്. ഉഖ്ബതുബ്നു ആമിറി(റ)ൽ നിന്ന്: അല്ലാഹുവിന്റെ റസൂലിന്റെയടുക്കൽ ഒരു സംഘം ആളുകൾ വന്നു. അതിൽ ഒമ്പത് ആളുകളുമായി ബൈഅത് ചെയ്തു. ഒരാളെ ഒഴിവാക്കി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഒമ്പതാളുകളുമായി ബൈഅത് ചെയ്ത് ഒരാളെ എന്തുകൊണ്ടാണ് ഒഴിവാക്കിയത്?'

റസൂൽ (സ) പറഞ്ഞു: 'അദ്ദേഹത്തിന്റെ കൈയിൽ ഏലസ്സുണ്ട്.'

അപ്പോൾ അദ്ദേഹം തന്റെ കൈയിൽ നിന്ന് ഏലസ്സ് മുറിച്ചുമാറ്റി. അന്നേരം തിരുമേനി (സ) അദ്ദേഹത്തോടും ബൈഅത് ചെയ്തു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'ആരെങ്കിലും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തവനായി' (അഹ്മദ്). ●